# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊളച്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1286/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊളച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1286/2021 തീയ്യതി: 29/12/2021

## കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 27-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 28-09-2021 | 06-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-09-2021 | 08-10-2021 |
| 01-11-2021 | 06-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഷഹീൻ.പി., അസി.ഓഡിറ്റ് ഓഫീസർ
സുമതി.ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ (01.11.2021 മുതൽ 06.11.2021 വരെ)
രമ്യ.ടി, ഓഡിറ്റർ (28.09.2021 മുതൽ 04.10.2021 വരെ)
ശ്രീനാഥ്.വി, ഓഡിറ്റർ
അന്ന അബ്രഹാം, ഓഡിറ്റർ (01.11.2021 മുതൽ 06.11.2021 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.താഹിറ.കെ. | പ്രസിഡന്റ് | 01-04-2020 | 15-11-2020 |
| ശ്രീ.അബ്ദുൾ മജീദ്.കെ.പി. | പ്രസിഡന്റ് | 08-01-2021 | 31-03-2021 |
| ശ്രീ.രാഹുൽ രാമചന്ദ്രൻ | സെക്രട്ടറി | 01-04-2020 | 11-03-2021 |
| ശ്രീ.മനോജ്.കെ.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അർച്ചന മുരളി | കൃഷി ഓഫീസർ | 01-04-2020 | 11-09-2020 |
| കൃഷ്ണപ്രസാദ്.ടി. | കൃഷി ഓഫീസർ | 12-09-2020 | 11-10-2020 |
| പ്രതിഭ.പി.ആർ. | കൃഷി ഓഫീസർ | 12-10-2020 | 12-03-2021 |
| ഡോ.അഞ്ജു പത്മനാഭൻ | കൃഷി ഓഫീസർ | 13-03-2021 | 31-03-2021 |
| ഡോ.രേഷ്മ ദാമോദരൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ലിഷ പാലാടൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 01-04-2020 | 31-03-2021 |
| ദീപ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഷിൻജ.ഇ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| രാജീവൻ പുല്ലാരേത്ത് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| രാജൻ.കെ.പി. | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ജയൻ.എം.വി. | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സരിത.കെ.വി. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 08-11-2020 |
| രജീഷ്.ടി.കെ. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 09-11-2020 | 31-03-2021 |
| മായപ്പൻ സ്റ്റാൻലി | വി.ഇ.ഒ., കൊളച്ചേരി സർക്കിൾ | 01-04-2020 | 31-03-2021 |
| ലേഖ.കെ.പി. | വി.ഇ.ഒ., ചേലേരി സർക്കിൾ | 01-04-2020 | 31-03-2021 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.രാഹുൽ രാമചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ദീപ.പി, കൃഷി ഓഫീസർ ശ്രീമതി.പ്രതിഭ.പി.ആർ. എന്നിവരടങ്ങിയ ഭരണ നിർവ്വഹണ സമിതിയാണ് 16.11.2020 മുതൽ 07.01.2021 വരെ ഭരണ നിർവ്വഹണം നടത്തിയത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Remani Kizhakkeel (Audit Officer, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-9 |
| 10 | 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി<br>Written By: SREENATH V (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-10 |
| 11 | വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി<br>Written By: SREENATH V (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-11 |
| 12 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്-സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.<br>Written By: SREENATH V (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-13 |
| 14 | മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിച്ചിട്ടില്ല<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-14 |
| 15 | പെർമിറ്റ് അനുവദിച്ച പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടം നിർമിച്ചു<br>Written By: SREENATH V (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-15 |
| 16 | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ | 1-16 |

| | | |
|---|---|---|
| | അപാകത<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | |
| 17 | സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പ്രീമിയം അടവാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-17 |
| 18 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടപടി പൂർത്തിയായിട്ടില്ല<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-18 |
| 19 | ഐ.കെ.എമ്മിന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 21-12-2021) | 1-19 |
| 20 | കൊളച്ചേരി പറമ്പ് വാതക ശ്മശാന നിർമ്മാണം - പദ്ധതി പൂർത്തിയായില്ല. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-20 |
| 21 | വരൾച്ച ദുരിതാശ്വാസ കുടിവെള്ള വിതരണം - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക ₹732150 തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-21 |
| 22 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-22 |
| 23 | ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ - ചെലവ് തുക ₹8,82,252 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-23 |
| 24 | കൊളച്ചേരി പറമ്പ് 4 സെന്റ് കോളനി കുഴൽ കിണർ നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-24 |
| 25 | സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ - ചെലവ് തുക ₹4,39,973 തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-25 |
| 26 | ഓൺ ലൈൻ വിദ്യാസഹായി പദ്ധതി പ്രകാരം വാങ്ങിയ എൽ.ഇ.ഡി ടെലിവിഷൻ പ്രയോജനപ്പെടുത്തേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-26 |
| 27 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായതിന്റെ രേഖ ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-27 |
| 28 | സായാഹ്ന ഒ പി ഫാർമസിസ്റ്റിന് വേതനം നൽകൽ -മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: SREENATH V (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-28 |

| | | |
|---|---|---|
| 29 | കൃത്യമായ പരിശോധനാ റിപ്പോർട്ട് ഇല്ലാതെ ഭവന പദ്ധതിയുടെ ഗഡുക്കൾ അനുവദിക്കുന്നു<br>Written By: Anu Abraham (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-29 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Anu Abraham (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-30 |
| 31 | വീട്ടു വളപ്പിലെ മത്സ്യ കൃഷി - അപാകതകൾ<br>Written By: SREENATH V (Auditor, On 07-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-31 |
| 32 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു<br>Written By: SREENATH V (Auditor, On 06-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-32 |
| 33 | കുടുംബശ്രീ ജനസൗഹൃദ കേന്ദ്രം / ഫീഡിംഗ് റൂം നിർമ്മാണം അപാകങ്ങൾ - ₹5141 ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-33 |
| 34 | പൂർത്തീകരണത്തിന് കാലതാമസം വന്ന പ്രവൃത്തികളിൽ കരാർ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.<br>Written By: Shaheen.P (Asst. Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-34 |
| 35 | ഇച്ചൂളിയത്ത് റോഡ് ടാറിംഗ് കരാർ ചമക്കുന്നതിലെ കാലതാമസം പിഴ ഈടാക്കിയിട്ടില്ല<br>Written By: Shaheen.P (Asst. Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-35 |
| 36 | കരിങ്കൽകുഴി നാണിയൂർ വയൽ റോഡ് റീടാറിംഗ് അപാകങ്ങൾ.<br>Written By: Shaheen.P (Asst. Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 1-36 |
| 37 | കാമ്പിൽ പട്ടായം എ.എൽപി സ്കൂൾ റോഡ് റീടാറിംഗ് കരാർ ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കുടുംബശ്രീ ജനസൗഹൃദ കേന്ദ്രം / ഫീഡിംഗ് റൂം നിർമ്മാണം അപാകങ്ങൾ - ₹5141 ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 09-12-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: P.S.Sabu (Deputy Director, On 29-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 08-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 08-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 08-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 08-11-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 22-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 08-11-2021)<br>Last Updated By: P.S.Sabu (Deputy Director, On 29-12-2021) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## 1-1 ബജറ്റ്

ബജറ്റ് 16-03-2020 തീയതിയിലെ 50/20 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു. പുതുക്കിയ ബജറ്റ് 15-02-2020 തീയ്യതിയിലെ 1/28/21 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 5194581 |
| വരവ് | 157406000 |
| ആകെ | 162600581 |
| ചെലവ് | 160051700 |
| നീക്കിയിരിപ്പ് | 2548881 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 25-06-2021 | തിരിച്ചയച്ചിട്ടില്ല | - |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ (ബാലൻസ് ഷീറ്റിൽ) ആസ്തിയായി ഉൾപെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21839306 |
| വരവ് | 76952606 |
| ആകെ | 98791912 |
| ചെലവ് | 76405708 |
| നീക്കിയിരിപ്പ് | 22386204 |
| വരവ് നഷ്ടം | -- |
| ചെലവ് നഷ്ടം | 5141 |
| തടസ്സപ്പെടുത്തിയ തുക | 2054375 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ക്യു ബിൽ ഉൾപ്പെടെ |
|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) | 0 | 12475125 | 12475125 | 12475125 | 0 |
| വികസന ഫണ്ട്-എസ് സി പി | 0 | 3513706 | 3513706 | 3116904 | 396802 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12839425 | 12839425 | 8910197 | 3929228 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9880000 | 9880000 | 9676676 | 203324 |
| മെയിന്റനൻസ്ഗ്രാന്റ്-നോൺ റോഡ് | 0 | 3611103 | 3611103 | 2520826 | 1090277 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | |

| | | | | | | |
|---|---|---|---|---|---|---|
| NREGS | ഭരണച്ചെലവ് | 308067 | 884093 | 1192160 | 1180299 | 11861 |
| | ഉണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | 0 | 17539725 | 17539725 | 17539725 | 0 |
| ഐ സി ഡി എസ് | | 634614 | 1111176 | 1745790 | 883053 | 862737 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | | 107335 | 1054250 | 1161585 | 97335 | 1064250 |
| സംസ്ഥാനാവിഷ്കൃതം | | | | | | |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | | 175939 | 2294433 | 2470372 | 1600 | 2468772 |
| ശുചിത്വം | | 260000 | 2397895 | 2657895 | 1000743 | 1657152 |
| സാക്ഷരത | | 984 | 48 | 1032 | 0 | 1032 |
| എം.പി.ഫണ്ട് | | 764 | 20 | 784 | 0 | 784 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 181 | 122786527 | 137 | 58755866 | 72 | 44 | 95 | 53.07 |

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 11 | 11 | 7887043 | 4956244 | 62.84 |
| 2 | വെറ്ററിനറി സർജന് | 6 | 5 | 2911870 | 1194906 | 41.03 |
| 3 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 3 | 3 | 767278 | 576093 | 75.08 |
| 4 | വി.ഇ.ഒ | 27 | 20 | 41768664 | 11309041 | 27.07 |
| 5 | ഐ സി ഡിഎസ് സൂപ്പർവൈസർ | 6 | 5 | 7034450 | 4921900 | 69.97 |
| 6 | അസി സെക്രട്ടറി | 4 | 4 | 3733995 | 2231516 | 59.76 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2140000 | 1562252 | 73 |
| 8 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 121200 | 135294 | 11.16 |

| | | | | | | |
|---|---|---|---|---|---|---|
| 9 | ഹെഡ് മാസ്റ്റർ | 2 | 2 | 1324310 | 1314310 | 99.24 |
| 10 | സെക്രട്ടറി | 40 | 30 | 18612723 | 10024822 | 53.86 |
| 11 | അസി.എഞ്ചിനീയർ | 77 | 52 | 35394094 | 20529488 | |
| | ആകെ | 181 | 137 | 122786527 | 58755866 | 47.85 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 308067 | 884093 | 1192160 | 1180299 | 11861 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17539725 | 17539725 | 17539725 | 0 |

എൻ ആർ ഇ ജി എസ്-മെറ്റീരിയൽ വർക്ക് - അപാകതകൾ

1. തൻവർഷം 3 മെറ്റീരിയൽ വർക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്. സാധന സാമഗ്രികളുടെ തുക അനുവദിച്ചിരിക്കുന്നത് ജിഎസ് ടി ഉൾപെടെയുള്ള തുകയ്ക്കാണെങ്കിലും കരാറുകാരൻ ജി എസ് ടി ഒടുക്കിയതായ രേഖകൾ ഫയലിൽ ഇല്ല. മാത്രമല്ല ഹാജരാക്കിയ ഇൻവോയിസിന് നമ്പരോ തീയ്യതിയോ ഇല്ല. കരാറുകാരുടെ 2.5 ലക്ഷത്തിനു മുകളിലുള്ള സാധന സാമഗ്രികളുടെ ബില്ലിൽ നിന്നും 2% ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

2. കരാറുകാരുമായി ചമച്ച കരാറുകളിൽ വിവരങ്ങൾ രേഖപ്പെടുത്തുകയോ സെക്രട്ടറി ഒപ്പു വെക്കുകയോ ചെയ്തിട്ടില്ല. കരാറുകൾ പ്രത്യേകം ഫയലായി സൂക്ഷിക്കുകയാണ് ചെയ്യുന്നത്.

3. റോഡുകളുടെ ചെയിനേജ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തീയ്യതി, ഭരണസമിതി തീരുമാനം, ടെണ്ടററുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4.പാട്ടയം പള്ളിക്ക് താഴെ കലുങ്ക് നിർമ്മാണം എന്ന പ്രവൃത്തി 2019-20, 2020-21 എന്നീ വർഷങ്ങളിലായി രണ്ടു ഘട്ടമായാണ് ചെയ്തത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഓവർസീയർ ഗ്രേഡ് 1 ൽ ഉള്ളവർക്ക് 5 ലക്ഷം രൂപ വരെയുള്ള എസ്റ്റിമേറ്റ് മാത്രമേ തയ്യാറാക്കുവാൻ സാധിക്കുകയുള്ളു എന്നതിനാലാണ് രണ്ടു ഘട്ടമായി ചെയ്തത് എന്നാണ്. പ്രവൃത്തിയുടെ മെഷർമെന്റ് ബുക്കിൽ ചെക്ക് മെഷർമെൻറ് ചെയ്യാത്തതും പ്രധാന അപാകതയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9000 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 3530600 | 227 |
| വിധവാപെൻഷൻ | 19588900 | 1302 |
| വാർദ്ധക്യകാലപെൻഷൻ | 29063300 | 218 |
| വികലാംഗപെൻഷൻ | 4322600 | 296 |
| അവിവാഹിത പെൻഷൻ | 1347500 | 95 |
| വിവാഹ ധനസഹായം | 420000 | 14 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.11.2021 തീയ്യതിയിൽ രാവിലെ 11 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 3,078/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാണ്. 2020-21 സാമ്പത്തിക വർഷം 10 തവണ ജീവനക്കാരുടെ യോഗം ചേരുകയും നികുതി പിരിവ് അവലോകനം ഗ്രീൻ പ്രോട്ടോ കോൾ മാർഗ്ഗ നിർദേശങ്ങൾ നടപ്പിലാക്കുന്നത്, കോറോണ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം ജീവനക്കാരുടെ ചുമതല നിർണ്ണയം നടത്തിയിട്ടുണ്ട്. രജിസ്റ്ററുകളും ഫയലുകളും കൃത്യമായി എഴുതി സൂക്ഷിക്കുകയും ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ.(എം.എസ്)358/15 തി.16.12.2015 പ്രകാരം 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള നാൽപത് കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു. പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/20-21 തീയതി 03.11.2021) മറുപടിയായി എൻക്വയറിയിൽ ചേർത്ത പട്ടികയിലെ ക്രമ നം 2,3,4 എന്നിവ കമ്പിൽ മാപ്പിള ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടങ്ങളാണെന്നും ക്രമ നം. 14 ഒഴികെയുള്ള ബാക്കി കെട്ടിടങ്ങൾ 1997-98 വർഷം മുതൽ നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളാണെന്നും നികുതി ഒഴിവുള്ള മാറ്റമില്ലാത്ത വിഭാഗത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് 2013ലെ ടാക്സ് റിവിഷൻ സമയത്ത് നികുതിയിൽ മാറ്റം വന്നിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ക്രമ നം 14-ൽ സൂചിപ്പിച്ച, ചുവടെ ചേർത്ത കെട്ടിടത്തിന് നികുതി ഇളവ് നൽകിയത് പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 14 | 5/451 | താഴത്തെ നില (89 ചതുരശ്ര മീറ്റർ) | പാറയിൽ രവീന്ദ്രൻ |

## 1-11 വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ എന്ന് പരാമർശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള ചുവടെ ചേർത്ത കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ച.മീറ്ററിന് 30/- രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 50/- രൂപയുമാണ്. 100 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള, ചുവടെ ചേർത്ത വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതിനാൽ ചതുരശ്ര മീറ്ററിന് 30/- രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട നമ്പർ ഉടമസ്ഥന്റെ പേരും വിലാസവും | ഉപയോഗ ക്രമം | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|---|
| 1 | കുംബ്ലേരി പുതിയ പുരയിൽ അബൂബക്കർ ഹാജി | വാണിജ്യം | 2/629A | 34 | 30 | 50 |
| | | | 2/629B | 76 | | |
| | | | 2/629C | 83.6 | | |

| | | | | | | |
|---|---|---|---|---|---|---|
| | | | 2/629D | 43.8 | | |
| | | | ആകെ | 237.4 | | |
| 2 | കോച്ചോത്ത് മേമി, ഫരീസ മൻസിൽ,പാട്ടയം | വാണിജ്യം | 2/682A | 78 | 30 | 50 |
| | | | 2/682B | 78 | | |
| | | | 2/682C | 36 | | |
| | | | ആകെ | 192 | | |
| 3 | പുണ്ണാക്കന്റകത്ത് അബ്ദുൾകരീം, ഫഹാസ്, പാട്ടയം, കൊളച്ചേരി | വാണിജ്യം | 2/735 | 26 | 30 | 50 |
| | | | 2/735A | 15 | | |
| | | | 2/735B | 15 | | |
| | | | 2/735C | 13 | | |
| | | | 2/735D | 26 | | |
| | | | 2/735 E | 30 | | |
| | | | ആകെ | 125 | | |
| 4 | അത്തക്കരവിട സൈനബ മുർഷിതാ മൻസിൽ, പള്ളിയത്ത് | വാണിജ്യം | 3/29 | 58 | 30 | 50 |
| | | | 3/29A | 57 | | |
| | | | ആകെ | 115 | | |
| 5 | വലിയ പുനത്തിൽ കുഞ്ഞാമിന (വെസ്റ്റ് ഹൗസ്, നാലാം പീടിക | വാണിജ്യം | 3/449A | 22.83 | 30 | 50 |
| | | | 3/449B | 23.76 | | |
| | | | 3/449C | 28.519 | | |
| | | | 3/449D | 28.515 | | |
| | | | ആകെ | 103.624 | | |
| 6 | എം വി നിഷ മഹേഷ് കുമാർ കരിങ്കൽകുഴി, കൊളച്ചേരി | വാണിജ്യം | 4/505A | 198 | 30 | 50 |
| | | | 4/505B | 198 | | |
| | | | ആകെ | 396 | | |
| 7 | ചാലാടൻ കണ്ടി ഉണ്ണികൃഷ്ണൻ, തവോറത്ത് ഹൗസ്, പെരുമാച്ചേരി | വാണിജ്യം | 6/72 A | 44.01 | 30 | 50 |
| | | | 6/72 B | 63.12 | | |
| | | | ആകെ | 107.13 | | |
| 8 | കുണ്ടത്തിൽ മുഹമ്മദാലി കുണ്ടത്തിൽ ഹൗസ്, ചേലേരി | വാണിജ്യം | 13/429A | 50.81 | 30 | 50 |
| | | | 13/429B | 38.23 | | |
| | | | 13/429D | 15.5 | | |
| | | | 13/429E | 15.5 | | |
| | | | ആകെ | 120.04 | | |
| 9 | കാമ്പ്രത്ത് ശശി കാമ്പ്രത്ത് ഹൗസ്, ചേലേരി | വാണിജ്യം | 16/4 A | 18.75 | 30 | 50 |
| | | | 16/4 B | 18.75 | | |
| | | | 16/4 C | 21.25 | | |
| | | | 16/4 D | 35 | | |
| | | | 16/4 E | 72.45 | | |
| | | | 16/4 F | 18.75 | | |
| | | | 16/4 G | 18.75 | | |
| | | | 16/4 H | 17.77 | | |
| | | | 16/4 I | 17.77 | | |
| | | | 16/4 J | 66.85 | | |
| | | | 16/4 K | 66.87 | | |

| | | | | | | |
|---|---|---|---|---|---|---|
| | | | 16/4 L | 17.77 | | |
| | | | 16/4 M | 17.77 | | |
| | | | ആകെ | 408.5 | | |
| 10 | പുല്ലൂപ്പിയിൽ ഹൈറുന്നിസ ചെരിപ്പേത്ത് ഹൗസ്, മാതോടം | വാണിജ്യം | 16/177A | 39.65 | 30 | 50 |
| | | | 16/177 B | 39.65 | | |
| | | | 16/177 C | 39.65 | | |
| | | | 16/177D | 39.65 | | |
| | | | ആകെ | 158.6 | | |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/20-21 തീയതി 04.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണം 100 ചതുരശ്ര മീറ്ററിൽ കൂടുതലാണെങ്കിലും 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ പെടുത്തി കുറഞ്ഞ നിരക്കിലുള്ള വസ്തു നികുതി ഈടാക്കിയതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്-സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

സ.ഉ(കൈ) നം.106/2017/തസ്വഭവ തീയതി 26-05-2017 ലെ വ്യവസ്ഥ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ നികുതി ഇളവ് അനുവദിക്കാൻ ഓരോ വർഷവും മാർച്ച് 31 ന് മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2020-21 വർഷം നികുതി ഇളവ് അനുവദിച്ച, ചുവടെ ചേർത്ത കെട്ടിടങ്ങളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 5 | 51 |
| 6 | 362 |
| 7 | 35, 171 |
| 8 | 331, 419 |
| 9 | 39, 413 |
| 14 | 3, 15, 193 |
| 15 | 328 |
| 16 | 16,134 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/20-21 തീയതി 02.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല

കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) കൊളച്ചേരി BSNLലെ ജീവനക്കാരിൽ നിന്ന് 2020-21 സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിലെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല.

2) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-6/20-21 തീയതി 02/11/2021) മറുപടിയായി കൊളച്ചേരി BSNLൽ 2020-21 ആദ്യ അർദ്ധ വർഷത്തിൽ ജീവനക്കാർ ആരും ഉണ്ടായിരുന്നില്ലെന്നും മയ്യിൽ BSNLലെ ജീവനക്കാരന് ചാർജ്ജ് ആയിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് BSNL ന്റെ രേഖാമൂലമുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ റേഷൻ കടകളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങളും ജീവനക്കാർ തൊഴിൽ നികുതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിച്ചിട്ടില്ല

പെർമിറ്റ് നം. B3-BA(283714)/2019 തീയതി 19.09.2019 പ്രകാരം റിലൈൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡിന് മൊബൈൽ ടവർ നിർമാണത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) ടവർ നിർമാണത്തിനെതിരെ പ്രദേശവാസികൾ പരാതി നൽകിയതിനെ തുടർന്ന് 05/03/2020 തീയതിയിൽ കണ്ണൂർ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നടന്ന ജില്ലാ ടെലികോം കമ്മറ്റി യോഗത്തിൽ ടവർ നിർമ്മാണത്തിന് നിലവിൽ കണ്ടെത്തിയ ഭൂമി അനുയോജ്യമാണോ എന്നത് സംബന്ധിച്ച് സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി പുനഃപരിശോധന നടത്തി പരാതിക്കാർ സമർപ്പിച്ച പരാതിയുടെ നിജസ്ഥിതി പരിശോധിക്കുവാനും ടവർ നിർമ്മാണത്തിനുള്ള നിർദിഷ്ട സ്ഥലം മാറ്റുന്ന വിഷയം പരിശോധിക്കാനും കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശത്തെ തുടർന്ന് കമ്പനി സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്നും ടവർ നിർമാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.

2) കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, റൂൾ 87 പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. പെർമിറ്റ് കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം അസ്സൽ പെർമിറ്റ് ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ റിലൈൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡിന്റെ മൊബൈൽ ടവർ നിർമാണ പെർമിറ്റിന്റെ കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-18/20-21 തീയതി 04/11/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. കണ്ണൂർ ജില്ലാ കളക്ടറുടെ നിർദ്ദേശത്തെ തുടർന്ന് കമ്പനി സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്നും ടവർ നിർമാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. പെർമിറ്റ് കാലാവധിയായ ഒരു വർഷം കഴിഞ്ഞിട്ടും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, റൂൾ 87 പ്രകാരം സ്ഥാപനത്തിന് നോട്ടീസ് നൽകി അടിയന്തിര നടപടി സ്വീകരിക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 പെർമിറ്റ് അനുവദിച്ച പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടം നിർമിച്ചു

ചേലോറ വീട്ടിൽ പുരുഷോത്തമൻ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി17/10/2018 ലെ B3/BA (68672)/2019 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റ് അനുവദിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിൽ 60 Cm സ്ലാബ് പ്രൊട്ടക്ഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ഫസ്റ്റ് ഫ്ലോർ നിർമ്മാണത്തിൽ പ്രസ്തുത പ്രൊട്ടക്ഷനിലേക്ക് പ്രവേശനം ഇല്ല എന്ന് അനുമതി നൽകിയ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ ഫസ്റ്റ് ഫ്ലോറിൽ പ്രസ്തുത 60 Cm പ്രൊട്ടക്ഷൻ പാസേജ് ആയി ഉപയോഗിക്കും വിധമാണ് നിർമിച്ചത്. പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനുള്ള കെട്ടിട ഉടമയുടെ അപേക്ഷയെ തുടർന്ന് കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോർ പെർമിറ്റ് അനുവദിച്ച പ്ലാനിൽ നിന്ന് വ്യത്യസ്തമായി നിർമിച്ചതിന് നിർമാണ ചുമതല ഉണ്ടായിരുന്ന ടോപ്പ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തോട് പഞ്ചായത്ത് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. നിലവിൽ പ്രസ്തുത കെട്ടിടത്തിലെ വിവിധ മുറികൾക്ക് 13/531 A മുതൽ 13/531 D വരെയുള്ള നമ്പറുകൾ നൽകിയിട്ടുമുണ്ട്. പെർമിറ്റ് അനുവദിച്ച പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോർ നിർമിച്ചതിൻ മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/20-21 തീയതി 05.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-17 സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ലൈഫ് ഇൻഷുറൻസ് പ്രീമിയം അടവാക്കിയിട്ടില്ല

ജി.ഒ(പി) 149/2016/ധന 04-10-2016 പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ലൈഫ് ഇൻഷുറൻസ് പ്രതിമാസ പ്രീമിയം നിരക്ക് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും ഉത്തരവ് പ്രകാരമുള്ള പ്രതിമാസ പ്രീമിയം അടവാക്കിയിട്ടില്ല.

| പേര് /തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ടിയിരുന്ന പ്രതിമാസ | ഈടാക്കിയ *പ്രതിമാസ* |
|---|---|---|---|

| | | പ്രീമിയം | പ്രീമിയം |
|---|---|---|---|
| മനോജ്.കെ.പി, ഹെഡ് ക്ലർക്ക് | 36,600/- | 500 | 350 |
| രാജൻ കുഞ്ഞിക്കണ്ടി, ഓഫീസ് അറ്റന്റന്റ് | 24600/- | 300 | 250 |

മേൽ ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം എസ്.എൽ .ഐ പ്രീമിയം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടപടി പൂർത്തിയായിട്ടില്ല

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 91 ടാപ്പിന്റെ ചാർജ്ജായ 39813/- രൂപ പ്രതിമാസം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ₹4,77,756 ചെലവുണ്ട്. ഇപ്രകാരം തുക അടവാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് , പൊതു ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/02-11-2021) വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന തുടങ്ങിയിരുന്നുവെങ്കിലും പൂർത്തിയായിട്ടില്ല എന്നാണ് അറിയിച്ചത്. സംയുക്ത പരിശോധന നടപടികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ ചാർജ് അടവാക്കുന്നുള്ളുവെന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 ഐ.കെ.എമ്മിന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/പേര് | 04/21,ഐ.കെ.എം.ന് വിഹിതം നൽകൽ |
| അടങ്കൽ | ₹60,990 |
| ചെലവ് | ₹60,990 |
| ബിൽ നമ്പർ/തീയതി | 20190852003400168314/15-05-2020 |

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/05-11-2021) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിന് വേണ്ടി ഐ.കെ.എം.ന് കത്ത് നൽകിയിട്ടുണ്ട് എന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 കൊളച്ചേരി പറമ്പ് വാതക ശ്മശാന നിർമ്മാണം - പദ്ധതി പൂർത്തിയായില്ല. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/പേര് | 112/21 കൊളച്ചേരി പറമ്പ് വാതക ശ്മശാന നിർമ്മാണം |
| അടങ്കൽ | ₹361000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ₹439000 തനത് ഫണ്ട് |
| | ₹1650000 ബ്ലോക്ക് പഞ്ചായത്ത് |
| | ₹2500000 ജില്ലാ പഞ്ചായത്ത് |
| ആകെ അടങ്കൽ | ₹4950000 |

| | |
|---|---|
| ചെലവ് | ₹361000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് 06/20-21/15-05-2020 |
| | ₹255821 ബ്ലോക്ക് പഞ്ചായത്ത് 20190852003401399839/27-03-2021 |
| ആകെ ചെലവ് | ₹6,16,821 |

എൽ.പി.ജി ഉപയോഗിച്ച് പരിസര മലിനീകരണത്തിന്റെ തോത് കുറച്ച് ശരിയായ രീതിയിൽ മൃതദേഹം ദഹിപ്പിക്കൽ നടത്തുക എന്നതാണ് പദ്ധതി ലക്ഷ്യം. ഇതിനായി അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് ഇൻവോയ്സ് നമ്പർ SBUA/20-21 /UR/136/26-03-21 പ്രകാരമുള്ള തുക നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ വാതക ശ്മശാനത്തിന്റെ പ്രവൃത്തി നിലവിലും പൂർത്തിയായിട്ടില്ല. വാതക ശ്മശാനത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/04.11.2021) ശ്മശാനത്തിന്റെ മെയിൻ സ്ലാബ് കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനവുമായുണ്ടാക്കിയ 03.03.2020 തീയതിയിലെ കരാർ വ്യവസ്ഥ (4) പ്രകാരം ഓർഡർ സ്വീകരിച്ച ഉടനെ പ്രവൃത്തി ആരംഭിക്കണമെന്നും 8 മാസത്തിനിടയിൽ പൂർത്തിയാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ശ്മശാനത്തിന്റെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വരൾച്ച ദുരിതാശ്വാസ കുടിവെള്ള വിതരണം - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക ₹732150 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 10/21, വരൾച്ച ദുരിതാശ്വാസ കുടിവെള്ള വിതരണം |
| അടങ്കൽ | ₹1000000 |
| ചെലവ് | ₹7,32,150 |
| വൗച്ചർ നമ്പർ/തീയതി | 22000116/28-05-2020 |

കെ.എൽ.11 W 7725 എന്ന വാഹനം 22-04-2019 മുതൽ 11-06-2019 വരെ ഓടിയ 4739 കി.മീറ്ററിനും കെ.എൽ 59-384 എന്ന വാഹനം 13-04-2019 മുതൽ 11-06-2019 വരെ ഓടിയ 5023 കി.മീറ്ററിനും കൂടി ആകെ 9762 കി.മീറ്ററിന് 75/- രൂപ നിരക്കിൽ ₹7,32,150 കരാറുകാരനായ സാബി എന്നയാൾക്ക് നൽകിയിട്ടുണ്ട്.എന്നാൽ കെ.എൽ.11 W 7725 എന്ന വാഹനം 13-04-2019 മുതൽ 30-05-2019 വരെ 3988.97 കി.മീറ്റർ ഓടിയതിന്റെ ട്രിപ് ഷീറ്റും കെ.എൽ 59-384 എന്ന വാഹനം 14-04-2019 മുതൽ 30-05-2019 വരെ 4125.56 കി.മീറ്റർ ഓടിയതിന്റെ ട്രിപ് ഷീറ്റും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. സർക്കാരിന്റെ 02-03-2019 തീയതിയിലെ സ.ഉ (സാധാ)നം. 500/2019/തസ്വഭവ ഉത്തരവ് പ്രകാരം ജി പി എസ് ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് മുതലായവ ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ കരാറുകാരന് തുക അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം പരിശോധന നടത്താതെ തുക നൽകിയതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/06-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി പി എസ് ലോഗ്, വാഹനത്തിന്റെ ലോഗ് ബുക്ക് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹7,32,150 തടസ്സപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 203/21 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ |
| അടങ്കൽ | ₹2490000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹24,90,000 |

| | |
|---|---|
| ബിൽ നമ്പർ/ തീയതി | 20190852003401228537/13-03-2021 |

കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിന് കേരള വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് നൽകിയതാണ് മേൽ തുക. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ,ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/05.11.2021) വിനിയോഗ സാക്ഷ്യപത്രത്തിന് വേണ്ടി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-23 ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ - ചെലവ് തുക ₹8,82,252 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് (സ്പിൽ ഓവർ) |
| പ്രൊജക്ട് നം. | 108/21 |
| അടങ്കൽ | ₹10,60,000/- (₹10,000- വികസനഫണ്ട്, ₹6,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹4,00,000 ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം./ തീയ്യതി/തുക | 01/19-20 തീയതി 22.05.2020 ₹2,54,240<br>02/19-220 തീയതി 22.05.2020 ₹2,18,012<br>03/19-220 തീയതി 22.05.2020 ₹10,000<br>വൗച്ചർ നം 118/2020-21 ₹4,00,000<br>ആകെ - ₹8,82,252 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>കൊളച്ചേരി ഗ്രാമ പഞ്ചായത്ത്. |

പഞ്ചായത്തിലെ സ്ഥിര താമസക്കാരായ, ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് നാല് രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 6.2(8) പ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 40000.00/- (നാൽപ്പതിനായിരം) രൂപയാണ്. 2020-21 സാമ്പത്തിക വർഷം ഈ വ്യവസ്ഥക്ക് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധികം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണ ഭോക്താ വിന്റെ പേര് | ഗുണ ഭോക്താ വിന്റെ അക്കൗണ്ട് നമ്പർ | വൗച്ചർ നം. 118/ 2020-21 പ്രകാരം അനു വദിച്ച തുക (പാൽ അളന്ന് നൽ കിയ കാല യളവ് വ്യക്ത | 2019 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങ ളിലെ സബ് സിഡി തുക | 2020 മാർച്ച് മാസത്തെ സബ് സിഡി തുക | ആകെ | അധികം അനു വദിച്ച തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | മല്ല). | | | | |
| 1 | നാരായണൻ നമ്പൂതിരിപ്പാട് | 40403100000884 | 24,327 | 16,358 | - | 40,685 | 685 |
| 2 | മറിയം. കെ.ആർ. | 40479101001501 | 22,433 | 17,567 | 2,156 | 42,156 | 2,156 |

2) ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ് സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ.(കൈ)നം.22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ പദ്ധതി പ്രകാരം 2019 നവംബർ മാസം മുതൽ 2020 മാർച്ച് മാസം വരെയുള്ള കാലയളവിൽ ക്ഷീരവികസന വകുപ്പിന്റെ വിഹിതം ഇല്ലാതെ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകി.

3) 2019 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ നാല് രൂപയിലും കുറഞ്ഞ നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഈ കാലയളവിൽ ഓരോ ഗുണഭോക്താക്കൾക്കും സബ്സിഡി അനുവദിച്ചതിന്റെ നിരക്ക് വ്യത്യസ്തമാണ്. സബ്സിഡി നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

4) വൗച്ചർ നം.118/2020-21 പ്രകാരം പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതമായ 4 ലക്ഷം രൂപ പദ്ധതി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ പാൽ അളന്നത് സംബന്ധിച്ച് ക്ഷീര വികസന സംഘത്തിൽ നിന്നുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ 4 ലക്ഷം രൂപ സബ്സിഡി അനുവദിച്ചത് ഏത് കാലയളവിൽ പാൽ അളന്നതിനാണെന്ന് വ്യക്തമല്ല.

5) പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/20-21 തീയതി 05.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹8,82,252 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 കൊളച്ചേരി പറമ്പ് 4 സെന്റ് കോളനി കുഴൽ കിണർ നിർമ്മാണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 111/21 കൊളച്ചേരി പറമ്പ് 4 സെന്റ് കോളനി കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | ₹75000 (വികസന ഫണ്ട്,)എസ്.സി.പി) |
| ചെലവ് | ₹70000 |
| ബിൽ നമ്പർ/തീയതി | 20190852003400034686/11-04-2020 |

കുഴൽ കിണർ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് ഡെപ്പോസിറ്റ് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/02-11-2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-25 സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ - ചെലവ് തുക ₹4,39,973 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി (സ്പിൽ ഓവർ), സാന്ത്വന പരിചരണ പരിപാടി (ന്യൂ) |
| പ്രൊജക്ട് നം | 190/21, 85/21 |
| അടങ്കൽ | ₹90,528/- (₹90,100- വികസനഫണ്ട്, ₹428 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹4,96,750 (₹2,15,150- വികസനഫണ്ട്, ₹2,81,600 - |

| | |
|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 1/20-21 തീയതി 30.07.2020 ₹46,068<br>2/20-21 തീയതി 20.08.2020 ₹36,600<br>3/20-21 തീയതി 16.10.2020 ₹60,000<br>4/20-21 തീയതി 18.12.2020 ₹30,000<br>5/20-21 തീയതി 27.01.2021 ₹88,568<br>6/20-21 തീയതി 30.01.2021 ₹44,392<br>7/20-21 തീയതി 03.03.2021 ₹35,555<br>8/20-21 തീയതി 28.03.2021 ₹54,090<br>9/20-21 തീയതി 28.03.2021 ₹44,500<br>ആകെ - ₹4,39,973 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി,<br>കൊളച്ചേരി ഗ്രാമ പഞ്ചായത്ത്. |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, കുടുംബസംഗമം, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2-2 പ്രകാരം വാർഡ് തല പ്രവർത്തനത്തിന്റെ ഭാഗമായി ദീർഘ പരിചരണം ആവശ്യമുള്ളവരെ വാർഡടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇവർക്ക് മാനസിക സാമൂഹിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ആരോഗ്യ അവലോകന സമിതി രൂപീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019, ഖണ്ഡിക 2-3 പ്രകാരം പഞ്ചായത്തിൽ ദീർഘകാല പരിചരണം ആവശ്യമുള്ളവരുടെ ലിസ്റ്റ് സബ്സെന്റർ തലത്തിൽ കണ്ടെത്തി ഓരോ രോഗിക്കും പരിചരണം ഉറപ്പാക്കേണ്ടതും തുടർച്ചയായി മരുന്നുകൾ ആവശ്യമുള്ളവരെ ആരോഗ്യ കേന്ദ്രത്തിലെ ഒ.പി.യിലേക്ക് റഫർ ചെയ്യേണ്ടതും നഴ്സിംഗ് പരിചരണം ആവശ്യമായവരെ ഹോം കെയർ യൂണിറ്റിലേക്കും റഫർ ചെയ്യേണ്ടതാണ്. എന്നാൽ സബ്സെന്റർ തലത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മാർഗ്ഗരേഖ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനു മുൻപും പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതുമാണ്. എന്നാൽ മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് പി.എം.സി മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

